# കപടഭക്തർ

## യെശയ്യാവു 29:13

**"ഈ ജനം അടുത്തുവന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകറ്റിവെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷകൽപനയത്രെ."**

ദൈവം മനുഷ്യനെ തന്റെ സദൃശത്തിലും സ്വരൂപത്തിലും മെനഞ്ഞെടുത്ത് ഒരു ശരീരമാക്കി വെച്ചത് ആ ശരീരത്തിലെ അവയവങ്ങളിലെ പ്രവർത്തനങ്ങൾ തമ്മിൽ ബന്ധപ്പെട്ട് കിടക്കുന്ന ഒരു അനുഭവത്തിൽ ആയിരുന്നു. എന്നാൽ അതിന് വലിയ മാറ്റം സംഭവിച്ചിരിക്കുന്നു എന്നു തന്നെ വേണം പറയാൻ. കാരണം പുറമേ കാണുവാൻ സാധിക്കുന്ന മനുഷ്യശരീരത്തിലെ ഒരു അവയവമാണ് അധരം. എന്നാൽ ഓരോ മനുഷ്യരിലും തങ്ങളുടെ ശരീരഘടനയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന ഒന്നാണ് ഹൃദയം എന്നത്. ഇന്ന് ക്രിസ്തു വിശ്വാസികൾ എന്നു പറയുന്നവർ ഉൾപ്പടെ പലരുടെയും അധരവും ഹൃദയവും തമ്മിൽ യാതൊരു ബന്ധം ഇല്ലാത്ത അവസ്ഥയിലാണ് നാം ഇന്നായിരിക്കുന്നത്. അത്തരത്തിൽ പ്രവർത്തിക്കുന്നവരെ തിരുവചനം വിളിക്കുന്നത് കപടഭക്തിക്കാർ എന്നാണ്.

മർക്കൊസിന്റെ സുവിശേഷം അദ്ധ്യായം 7 ൽ തന്റെ ശിഷ്യന്മാർ കഴുകാത്ത കൈകൾകൊണ്ട് ഭക്ഷണം കഴിച്ചതിനെ കുറ്റപ്പെടുത്തി തന്നോട് സംസാരിച്ച ചില ശാസ്ത്രിമാരോടും പരീശന്മാരോടും കർത്താവ് പറയുന്ന മറുപടിയിൽ നാം മേൽവായിച്ചു കണ്ട യെശയ്യാവിന്റെ പുസ്തകത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചു കൊണ്ട് കർത്താവ് അവരെ വിളിക്കുന്നത് കപടഭക്തിക്കാർ എന്നാണ്. കാരണം പരീശന്മാരും, ശാസ്ത്രികളും അവരായിരിക്കുന്ന സമൂഹത്തിൽ നിക്ഷിപ്തമായിരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും മുടക്കം കൂടാതെ അനുസരിക്കുന്നതിന് കൂടുതൽ പ്രാധാന്യം കൽപിച്ചിരുന്നു. എന്നാൽ ഹൃദയം കൊണ്ട് അവർ ദൈവത്തിൽ നിന്ന് ഏറെ അകന്നുനിന്നവരായിരുന്നു. പ്രിയരേ, അധരം കൊണ്ട് മാത്രം ദൈവത്തെ ബഹുമാനിക്കുന്ന കപടഭക്തിക്കാർ, ഇന്നത്തെ ദൈവസഭകളിലും ധാരാളമായിട്ടുണ്ട്. അനേകം നല്ല കാര്യങ്ങൾ അധരം കൊണ്ട് അവർ പറയുന്നുണ്ട്. എന്നാൽ അവർ പറയുന്നത് ഹൃദയത്തിൽ നിന്നല്ല എന്നു മാത്രം. ദേവാലയങ്ങളിൽ അധരം കൊണ്ട് ഇവർ ദൈവത്തെ ആരാധിക്കുന്നു എന്നാൽ ഹൃദയം ദൈവത്തിൽ നിന്ന് അകന്നിരിക്കുന്നു. സ്നേഹത്തെ പറ്റിയും, ക്ഷമയെ പറ്റിയും, പ്രാർത്ഥനയെ പറ്റിയും ഇവർ മറ്റുള്ളവരോട് സംസാരിക്കുന്നു എങ്കിലും മറ്റുള്ളവരെ സ്നേഹിക്കുവാനോ, ആരോടെങ്കിലും ക്ഷമിക്കുവാനോ, മറ്റൊരാൾക്കു വേണ്ടി

പ്രാർത്ഥിക്കുവാനോ ഈ കൂട്ടർ തുനിയുന്നില്ല എന്നതാണ് വാസ്തവം. ബന്ധങ്ങളെക്കുറിച്ച് വാചാലരാകുന്ന ഇവർക്ക് കർത്താവുമായി യാതൊരു ബന്ധവും ഇല്ല എന്ന് നമുക്ക് കാണാൻ കഴിയും.

പ്രിയ ദൈവപൈതലെ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ നിന്നാഗ്രഹിക്കുന്നത് ഇതല്ല. നമ്മുടെ അധരവും, ഹൃദയവും തമ്മിൽ അടുത്തിരിക്കട്ടെ; ഹൃദയത്തിൽ നിന്നാകട്ടെ അധരത്തിലെ ഏതൊരു സംസാരവും. ഹൃദയം ശുദ്ധിയുള്ളതെങ്കിൽ നമ്മുടെ അധരങ്ങളിലെ വാക്കുകളും അങ്ങനെ തന്നെയായിരിക്കും. ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായ് സംസാരിക്കുന്നത് എന്ന് തിരുവചനം പറയുന്നു. യേശുവിന്റെ കാൽവറി രക്തം നമ്മുടെ ഹൃദയത്തിൽ സദാ തളിക്കപ്പെട്ട് നമ്മുടെ ചിന്തകളും, വിചാരങ്ങളും, നിനവുകളുമെല്ലാം പരിശുദ്ധമായി തീരുവാൻ നമ്മെ നിത്യം അവന്റെ കൈകളിൽ ഏൽപ്പിച്ച് കൊടുത്തുകൊണ്ടിരിക്കാം. അങ്ങനെയെങ്കിൽ നമ്മുടെ അധരങ്ങളിൽ നിന്നുള്ള വാക്കുകൾക്ക് അർത്ഥവും, ശക്തിയും, ജീവനുമുണ്ടായി അത് കേൾക്കുന്നവർക്ക് ചൈതന്യം ഉണ്ടാകുവാൻ ഇടയായിത്തീരും. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

യെഹെസ്കേൽ 33:31

സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു നിന്റെ വചനങ്ങളെ കേൾക്കുന്നു; എന്നാൽ അവർ അവയെ ചെയ്യുന്നില്ല; വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു; ഹൃദയമോ, ദുരാഗ്രഹത്തെ പിന്തുടരുന്നു.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 174**